# മയിൽപ്പീലി

ഡിജിറ്റൽ മാഗസിൻ 2019-2020

ലിറ്റിൽ കൈറ്റ്സ്

എഴിപ്പുറം എച്ച്.എസ്.എസ്

പാരിപ്പള്ളി,കൊല്ലം-691574

# ആമുഖം

## പ്രീയപ്പെട്ടവരേ,

2019-ൽ കേരളത്തെ നടുക്കിയ പ്രളയത്തിൽ ജീവൻ പൊലിഞ്ഞ പ്രിയസഹോദരർക്കും, ഉറ്റവരെയും ബന്ധുക്കളേയും നഷ്ട്ടപ്പെട്ടവർക്കും പ്രളയാനാന്തര കേരളത്തിന്റെ പുനർനിർമ്മിതിക്ക് അതിജീവനത്തിന്റെ കൈത്താങ്ങായി നിന്ന ഓരോ മലയാളിക്കും എഴിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ഈ വർഷത്തെ ഡിജ്ജിറ്റൽ മാഗസിൻ ആയ "മയിൽപ്പീലി"സവിനയം സമർപ്പിക്കുന്നു................

പൂർണമാണെന്ന് അവകാശപ്പെടാതെ, തെറ്റുകുറ്റങ്ങൾ സദയം ക്ഷമിച്ച്, മുന്നോട്ടുള്ള വഴിയിൽ നിങ്ങളുടെ എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# എഡിറ്റോറിയൽ ബോർഡ്

## സ്റ്റാഫ് എഡിറ്റേഴ്സ്

**സുമേഷ് സുഗതൻ (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ )**

**സൗമ്യ ആർ എസ് (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)**



## സ്റ്റുഡന്റ്സ് എഡിറ്റേഴ്സ്

**സവിത**

**ഗോകുൽ പ്രകാശ്**

**മുഹമ്മദ് സിനാൻ**

**സുജിത്**

# ഉള്ളടക്കം


ലിറ്റിൽ കൈറ്റ്സ് - ഒരു ചെറു വിവരണം ..................4-5

ആശംസകൾ ......................5-10

സമേതം QR കോഡ് .......11

വിരഹം ..........12

പുസ്തകപാരായണം വിദ്യാർത്ഥികളിൽ ......13-15

മഹത് വചനങ്ങൾ ...............16

റിപ്പബ്ലിക്ക് ദിനം .........17

ലിറ്റിൽ കൈറ്റ്സ് ചിത്രങ്ങൾ .........18-20

Function Keys for LibreOffice Writer ..................21

പഴഞ്ചൊല്ലുകൾ ... 22

ഉബുണ്ടു സൂത്രങ്ങൾ ......23-24

എന്റെ സ്വപ്നം ..........25

സ്കൂൾ കലോത്സവം .........26-27

സസ്യക്വിസ് ...............28

ക്വിസ് ......29-30

സബ് ജില്ലാ കലോത്സവം വിജയികൾ ....................31

# *ലിറ്റിൽ കൈറ്റ്സ്* - ഒരു ചെറു വിവരണം

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ ഒരുലക്ഷത്തോളം കുട്ടികളെ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ (കൈറ്റ്) നടപ്പാക്കിയ ഹായ് സ്കൂൾകുട്ടിക്കൂട്ടത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിലാക്കിയാണ് ലിറ്റിൽ കൈറ്റ് നടപ്പാക്കുന്നത്.നേരത്തെ ഉൾപ്പെടുത്തിയിരുന്ന ഹാർഡ്വെയർ, അനിമേഷൻ ഇലക്ട്രോണിക്സ്, മലയാളം കംപ്യൂട്ടിങ്, സൈബർ സുരക്ഷ, മൊബൈൽ ആപ് നിർമാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേൺസ്, വീഡിയോ ഡോക്യുമെന്റേഷൻ, വെബ് ടി.വി. തുടങ്ങി വിവിധ മേഖലകൾ ഇതിലടങ്ങും.വിശദവിവരങ്ങൾ www.kite.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്.......ലിറ്റിൽ കൈറ്റ്സ്......

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ്

സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

എഴിപ്പുറം എച്ച്.എസ്.എസ്സിൽ 2018 ജൂൺ മാസം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിച്ചു. മാനേജർ ശ്രീ. അംബിക പദ്മാസനൻ യൂണിറ്റ് ഉദ്ഘാടനം നിർവഹിച്ചു. എച്ച്.എം ശ്രീ. യൂസഫ് സാർ , പി.റ്റി.എ പ്രസിഡന്റ് സലിം, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ശ്രീ.സുമേഷ് സാർ, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ശ്രീ.സൗമ്യ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ആശംസ




**മാനേജർ**

**ശ്രീമതി.അംബിക പത്മാസനൻ**

എഴിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "മയിൽപ്പീലി" എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.............

# ആശംസ

## പ്രഥമ അദ്ധ്യാപകൻ



യൂസഫ് ചേലപ്പള്ളി

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എഴിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആയി മാറിക്കഴിഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ നൂതന സങ്കേതങ്ങൾ കുട്ടികളിലെത്തിക്കാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മഹത്തായ സംഭാവനയാണ് നൽകുന്നത്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികൾ ഒരുക്കുന്ന "മയിൽപ്പീലി" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.......

# L I T T L E  K I T E  M A S T E R




സുമേഷ് സുഗതൻ
എസ്.ഐ.റ്റി.സി

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ ഒരുലക്ഷത്തോളം കുട്ടികളെ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്) നടപ്പാക്കിയ ഹായ് സ്കൂൾകുട്ടിക്കൂട്ടത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിലാക്കിയാണ് ലിറ്റിൽ കൈറ്റ് നടപ്പാക്കിയിരിക്കുന്നത്. എഴിപ്പുറം എച്ച്.എസ്.എസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കൊച്ചു കൂട്ടുകാർ സ്വന്തമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണിത്. തെറ്റുകുറ്റങ്ങൾ  സദയം ക്ഷമിക്കണം എന്ന അപേക്ഷയാൽ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു............

# ആശംസ

## സ്റ്റാഫ്സെക്രട്ടറി



**റ്റി .കിഷോർ**

എഴിപ്പുറം ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ് യൂണിറ്റ് മുൻ വർഷത്തെ പോലെ ഈ വർഷവും ഡിജിറ്റൽ മാഗസീൻ പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.വിവരസാങ്കേതികമേഖല അധ്യയനത്തിലും അധ്യാപനത്തിലും ഒട്ടേറെ മാറ്റങ്ങൾ കൊണ്ടുവന്നിരുന്ന ആധുനിക വിദ്യാഭ്യാസ കാലഘട്ടത്തിൽ,നമ്മുടെ സ്കൂളിൽ മികച്ചരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ് യൂണിറ്റ് ഒരുക്കുന്ന 'മഴത്തുള്ളികൾ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു............

## ആശംസകൾ............

എഴിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "**മയിൽപ്പീലി**" എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു......................



**സൗമ്യ ആർ.എസ്**

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**

## ആശംസകൾ............

എഴിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ശ്രമഫലമായി രൂപം കൊണ്ട "**മയിൽപ്പീലി**" എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു......................

ബീന എസ്

സീനിയർ അസിസ്റ്റന്റ്

## നമ്മുടെ സ്കൂളിനെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയാൻ

**താഴെ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യൂ**

# വിരഹം



അനശ്വര കൃഷ്ണൻ

STD: VIII F



*എന്റെ ജീവിതത്തിൽ ഏറെ പ്രിയമായിരുന്നു നീ*
*ഒരിക്കലും മറക്കാൻ കഴിയില്ല ,*
*നല്ല കാര്യങ്ങൾ മാത്രം ഓതിത്തന്നു ,*
*നല്ലതുമാത്രം ചെയ്യാനും നല്ലവരായിത്തീരാനും*
*പിരിയുമ്പോൾ ഏറെ സങ്കടം മാത്രം*
*എൻ ഉള്ളിലൊതുക്കി ഞാൻ*

*തീരാദുഃഖത്തിൻ കഥകൾ ഓർത്തുനിൽക്കും*
*മനസിലെ വേർപാട് മായാതെ*
*എനിക്കെല്ലാമായിരുന്നു അമ്മ*
*ഓർക്കുന്നു ഞാനാ പുണ്ണ്യ നിധിയെ*
*ഞാൻ പുറപ്പെടുന്നതിനുമുമ്പേ ,*
*അമ്മയ്ക്കു തൻ സങ്കടം സഹിക്കവയ്യാതെ*
*അരികിലെത്തി വാരിപ്പുണർന്നമ്മ*

*ഒരിക്കലും മായ്ക്കാൻ കഴിയാതെ*
*ഓർമ്മകളുമായി ഞാൻ യാത്രപുറപ്പെട്ടു*
*ജീവിതത്തിൻപടിക്കലെത്തുമ്പോൾ*
*ഒരുപിടി ഓർമ്മകൾ*
*എന്നുടെ ജീവിതത്തിൻ വിരഹം*

# പുസ്തകപാരായണം വിദ്യാർത്ഥികളിൽ

വായനാശീലം കുട്ടികളിൽ കുറഞ്ഞു വരികയാണ് . കുട്ടികൾ അധികസമയവും ചിലവഴിക്കുന്നത് കൂട്ടുകാരോടൊപ്പമാണ്. പുസ്തകങ്ങളായിരിക്കണം കുട്ടികളുടെ ഏറ്റവുമടുത്ത സുഹൃത്തുക്കൾ. ഗ്രന്ഥശാലാപ്രസ്ഥാനത്തിന് അടിത്തറപാകിയ പി.എൻ പണിക്കരുടെ ചരമദിനമാണ് നാം വായനാദിനമായി ആചരിക്കുന്നത്. വായനയിലൂടെ നമ്മുടെ ജീവിതത്തിലേക്ക് പ്രകാശത്തിന്റെ കിരണങ്ങൾ പൊട്ടിപുറപ്പെടുന്നു .




വായനയിലൂടെ കുട്ടികളുടെ വ്യക്തിത്വവും സ്വഭാവവും രൂപീകരിക്കപ്പെടുന്നു. പുസ്തകങ്ങൾ വായിക്കുന്നതിലൂടെ ഒരു കുട്ടി അക്ഷരങ്ങളോട് കൂട്ടുകൂടുന്നു. മലയാളഭാഷയോട് നാം കൂടുതൽ കൂറുപുലർത്തേണ്ടതാണ്.

''മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ ,
മർത്ത്യന്ന് പെറ്റമ്മ തൻ ഭാഷതാൻ ''

എന്ന വള്ളത്തോളിന്റെ വരികളോട് നാം ആദരവ് പുലർത്തേണ്ടതാണ് .വായനയുടെ പ്രാധാന്യത്തെക്കുറിച്ച് തുറന്ന് കാട്ടിയത് കവികളും കലാകാരന്മാരുമാണ്.

''വായിച്ചാലുംവളരും, വായിച്ചില്ലെങ്കിലും വളരും വായിച്ചു വളർന്നാൽ വിളയും, വായിക്കാത വളർന്നാൽ വളയും.'' കുഞ്ഞുണ്ണിമാഷ് പറഞ്ഞ ഈ വരികൾ വളരെ സമകാലിക പ്രസക്തി ഉള്ളതാണ്.
''ഒരു പ്രഭുവിന്റെ രക്തത്തേക്കാൾ വിലപ്പെട്ടതാണ് ഒരു ദരിദ്രന്റെ പുസ്തകം ''എന്ന ആശയം മുന്നോട്ടുവച്ച ഷേക്സ്പിയർ ,വായിക്കുന്നതിലല്ല, വായിച്ചത് ഓർത്തുവാക്കുകയാണ് ചെയ്യേണ്ടതെന്ന് അഭിപ്രായപ്പെടുന്നു. വായിക്കുന്നതിലൂടെ കുട്ടികളുടെ അറിവുവർദ്ധിക്കുകയും അവർ സാമൂഹ്യബോധമുള്ളവരായിമാറുകയും ചെയ്യുന്നു.

കുട്ടികളിൽ അജ്ഞതമാറ്റി അറിവിന്റെ ലോകം തുറന്നുകാട്ടുന്നവരാണ് പുസ്തകങ്ങൾ. കമ്പ്യൂട്ടർ, മൊബൈൽഫോൺ എന്നിവ ശാസ്ത്രത്തിന്റെ സംഭാവനകളാണ്.എന്നാൽ ജീവിതത്തെ സ്പർശിക്കുന്ന ഓരോ പുസ്തകവും ഇതിനേക്കാളെല്ലാം വിലപ്പെട്ടതാണ്. കുട്ടികൾ വായിച്ചിരിക്കേണ്ട ഒരുപാട് പുസ്തകങ്ങൾ നമുക്കുചുറ്റുമുണ്ട്, കമലാസുരയ്യയുടെ നീർമാതളം പൂത്തകാലം, ഗാന്ധിജിയുടെ എന്റെസത്യാന്വേഷണപരീക്ഷണങ്ങൾ അങ്ങനെ നീണ്ടുപോകുന്നു ആ പട്ടിക. വിദ്യാലയങ്ങളിലെ ലൈബ്രറികളിൽ




ഇങ്ങനെയുള്ള ധാരാളം പുസ്തകങ്ങളുണ്ട്. നമുക്കിങ്ങനെ ഒരു വഴിതുറന്നുതന്ന പി .എൻ പണിക്കരോട് നാം എന്നും കടപ്പെട്ടവരായിരിക്കണം.

പുസ്തകപാരായണത്തിലൂടെ കുട്ടികൾക്ക് അവരുടെ സമൂഹത്തെ അറിയാനും സ്വന്തം വ്യക്തിത്വത്തെ മെച്ചപ്പെടുത്തിയെടുക്കാനും സാധിക്കുന്നു. വായനയിലൂടെ ലോകം മുഴുവൻ അറിയപ്പെട്ട ഒരുപാടു മഹാന്മാരുണ്ട് . പുസ്തകത്തെ സ്നേഹിക്കു, വായിച്ചുവളരുന്ന ഒരു സമൂഹത്തെ വാർത്തെടുക്കു, അത് നമ്മുടെ കടമയാണ് .അക്ഷരങ്ങളുടെ ലോകത്തേക്കിറങ്ങിച്ചെല്ലു അവയോട് സൗഹൃദം പുലർത്തു .

അശ്വതി

**STD: X E**

# മഹത് വചനങ്ങൾ





ജ്യോതിലക്ഷ്മി

IXC

പരാജയത്തിൽനിന്നും പരാജയത്തിലേക്ക് നടത്തുന്ന
സ്ഥിരോത്സാഹത്തോടെയുള്ള ചുവടുവയ്പാണ് വിജയം

വിൻസ്റ്റൺ ചർച്ചിൽ

ഓർക്കേണ്ടത് മറക്കരുത്
മറക്കേണ്ടത് ഓർക്കരുത്

കുഞ്ഞുണ്ണി മാഷ്

ഒരു മെഴുകുതിരിയിൽ നിന്ന് മറ്റൊന്ന് കത്തിച്ചാൽ
മെഴുകുതിരിക്ക് യാതൊരു നഷ്ടവും ഉണ്ടാകുന്നില്ല

എ.പി.ജെ അബ്ദുൾകലാം

കൂടുതൽ മാന്യമായി പെരുമാറുന്ന വ്യക്തികളെ പ്രത്യേകം ശ്രദ്ധിക്കുക ,
കാരണം അവർ കള്ളത്തരങ്ങളുടെ കൂടാരമാണ്.

എബ്രഹാം ലിങ്കൺ

# റിപ്പബ്ലിക്ക് ദിനം

1947 ഓഗസ്റ്റ 15ന് ബ്രിട്ടീഷുകാരിൽ നിന്നും ഇന്ത്യ സ്വാതന്ത്ര്യം നേടിയിരുന്നുവെങ്കിലും സ്വന്തമായി ഒരു ഭരണഘടന ഇന്ത്യയ്ക്ക് ആ സമയം ഉണ്ടായിരുന്നില്ല. ഒരു രാജ്യത്തിന്റെ നടത്തിപ്പിനും നിയമ നിർമ്മാണങ്ങൾക്കും ഒക്കെയായി ഒരു ഭരണഘടന വേണ്ടതിന്റെ ആവശ്യകതയെ തുടർന്ന് 1947 ആഗസ്റ്റ് 29 ന ഭരണഘടനാ നിർമ്മാണത്തിനുള്ള കരട് കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഡോ.ബി.ആർ. അംബേദ്കറുടെ നേതൃത്വത്തിലാണ് ഭരണഘടനാ നിർമ്മാണ സഭ രൂപീകരിക്കപ്പെട്ടത്. പിന്നീട് വെറും 141 ദിവസം കൊണ്ട് ആരണഘടനയുടെ ആദ്യം രൂപം തയ്യാറാവുകയും 1950 ജനുവരി 26ന് ഭരണഘടന നിലവിൽ വരുകയും ചെയ്തു. ഇന്ന് ലോകത്തുള്ളതിൽ എഴുതിത്തയ്യാറാക്കിയ ഏറ്റവും വലിയ ഭരണഘടന നമ്മുടെ രാജ്യത്തിൻറേതാണ്.

ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന ദിവസമാണ് റിപ്പബ്ലിക് ഡേ ആയി നാം ആഘോഷിക്കുന്നത്. ജനക്ഷേമ രാഷ്ട്രം എന്നാണ് റിപ്പബ്ലിക് എന്ന വാക്കിനർത്ഥം. സ്വന്തമായി ഭരണഘടനയുള്ള പരമാധികാര രാഷ്ട്രമായി ഇന്ത്യ മാറിയ ദിനമാണ് റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്. ഭരണ ഘടന നിലവിൽ വന്നത് 1950 ജനുവരി 26 നാണ്.

റിപ്പബ്ലിക് ദിന ആഘോഷങ്ങൾ ഭാരതത്തിൽ പൊതു അവധിയായി ആഘോഷിക്കപ്പെടുന്ന റിപ്പബ്ലിക് ദിനത്തിൽ ഒട്ടേറെ പരിപാടികൾ രാജ്യ തലസ്ഥാനമായ ഡെൽഹിയിൽ സംഘടിപ്പിക്കാറുണ്ട്. സൈനിക പരേഡുകളാണ് അതിൽ ഏറ്റവും പ്രധാനം. കരസേന, നാവികസേന, വ്യോമസേനയിൽ നിന്നുള്ളവർ അവരുടെ ഔദ്യോഗിക വേഷത്തിൽ പരേഡ് നടത്തുകയും രാഷ്ട്രപതി അവരുടെ സല്യൂട്ട് സ്വീകരിക്കുയും ചെയ്യുന്നു. ഇത് കൂടാതെ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളുടെ പാരമ്പര്യത്തെ എടുത്തു കാണിക്കുന്ന പ്രദർശനങ്ങളും ഉണ്ടായിരിക്കും.



ശ്രീക്കുട്ടി ആർ
STD : IX C

# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പ്രകാശനം

## 2018










# ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പ് 2019 – 2020



ഏകദിന ക്യാമ്പ് ഉദ്ഘാടനം:മാനേജർ ശ്രീമതി അംബിക പദ്മാസനൻ













# ലിറ്റിൽ കൈറ്റ്സ് പ്രാഥമിക ക്യാമ്പ് 2020










# Function Keys for LibreOffice Writer

Gokul Prakash
STD IX F

| Shortcut keys | Effect |
|---|---|
| F2 | Formula Bar |
| Ctrl+F2 | Insert Fields |
| F3 | Complete Auto Text |
| Ctrl+F3 | Edit Auto Text |
| F4 | Open Data Source View |
| Shift+F4 | Select next frame |
| F5 | Navigator on/off |
| Ctrl+Shift+F5 | Navigator on, go to page number |
| F7 | Spellcheck |
| Ctrl+F7 | Thesaurus |
| F8 | Extension mode |
| Ctrl+F8 | Field shadings on / off |
| Shift+F8 | Additional selection mode |
| Ctrl+Shift+F8 | Block selection mode |
| F9 | Update fields |
| Ctrl+F9 | Show fields |
| Shift+F9 | Calculate Table |
| Ctrl+Shift+F9 | Update Input Fields and Input Lists |
| Ctrl+F10 | Non printing Characters on/off |
| F11 | Styles and Formatting window on/off |
| Shift+F11 | Create Style |
| Ctrl+F11 | Sets focus to Apply Style box |
| Ctrl+Shift+F11 | Update Style |
| F12 | Numbering on |
| Ctrl+F12 | Insert or edit Table |
| Shift+F12 | Bullets on |
| Ctrl+Shift+F12 | Numbering / Bullets off |

# പഴഞ്ചൊല്ലുകൾ

ഗൗരി വി.ആർ

**STD: IX C**

- തുടക്കം നന്നായാൽ മുടക്കം വരില്ല .
- കുന്തം പോയാൽ കുടത്തിലും തപ്പണം.
- ഉപ്പുതിന്നവൻ വെള്ളം കുടിക്കും.
- ഇക്കര നിന്നാൽ അക്കരപ്പച്ച.
- ഉള്ളിലുള്ളത് കണ്ണിലറിയാം.
- പെൺബുദ്ധി പിൻബുദ്ധി.
- രേവതിനാളിൽ അറുപതുശീലം.
- കടലിൽ ചെന്നാലും നായ നക്കിയേ കുടിക്കൂ.
- നിറകുടം തുളുമ്പില്ല.
- തോൽവി വിജയത്തിന്റെ ചവിട്ടുപടി.
- ഐകമത്യം മഹാബലം.
- വിതച്ചതേ കൊയ്യൂ.
- ഒന്നിച്ചാൽ നേടാം ഭിന്നിച്ചാൽ വീഴാം.
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.
- കൊടുത്താൽ കൊല്ലത്തും കിട്ടും.

# ഉബുണ്ടു സൂത്രങ്ങൾ

## 1. LiberOffice Writer ൽ watermark നിർമ്മിക്കാം



സവിത എസ് വി

STD IX F

18.04 ലെ ഓഫീസ് പാക്കേജിലെ LibreOffice Writer ൽ നിന്നുകൊണ്ട് ഒരു ഡോക്കുമെന്റിൽ വാട്ടർമാർക്കുകൾ നിർമ്മിക്കാം. Format > Watermark ക്രമത്തിൽ Watermark ജാലകത്തിലെത്തുക. Text എന്നിടത്ത് പേജിൽ വാട്ടർമാർക്കായി വരേണ്ട ടെസ്റ്റ് നൽകുക. Angle ടാബിൽ ടെക്സ്റ്റ് എത്ര ഡിഗ്രി ചരിയണമെന്നും, Transparency എത്ര ശതമാനം വേണമെന്ന് തൊട്ടടുത്ത ടാബിലും നൽകാം. ഇഷ്ടപ്പെട്ട കളറും നൽകി OK പറയുന്നതോടെ പേജിൽ വാട്ടർമാർക്ക് നിർമ്മിക്കപ്പെട്ടു കഴിഞ്ഞു. നൽകിയ വാട്ടർമാർക്ക് കളയാൻ CTRL or SHIFT കീ അമർത്തി സെലക്ട് ചെയ്ത് ഡിലീറ്റ് ചെയ്തോളൂ..

## 2. ഒന്നിൽ കൂടുതൽ പേജുകളുള്ള ഫയലുകൾ സ്കാൻ ചെയ്ത് ഒറ്റ ഫയൽ ആക്കുന്നതിന്

ഓരോ പേജ് ആയി സ്കാൻ ചെയ്ത് JPG ഫയലുകളായി ഒരു ഫോൾഡറിൽ സേവ് ചെയ്യുക. തുടർന്ന് ആ ഫോൾഡറിനുള്ളിൽ ഒഴിഞ്ഞ പ്രതലത്തിൽ റൈറ്റ് ക്ലിക്ക് ചെയ്തു ടെർമിനൽ എടുത്ത് convert *.jpg filename.pdf എന്ന് ടൈപ്പ് ചെയ്ത് enter അമർത്തുക.

## 3. ഇങ്ക്സ്കേപ്പും ക്യൂആർ കോഡും

ഇപ്പോൾ ഡിജിറ്റൽ ലോകത്ത് കൂടുതലായി ഉപയോഗിക്കുന്ന ഒന്നാണല്ലോ QR Code. ദിനപത്രങ്ങളിലും, മാസികകളിലും, പാഠപുസ്തകങ്ങളിലുമെല്ലാം ക്യൂആർ കോഡ് കാണാം. സാധാരണയായി ഓൺലൈനിൽ നിന്നാണ് മിക്കവരും ക്യൂആർ കോഡ് നിർമ്മിക്കുന്നത്. എന്നാൽ ഇന്റർനെറ്റിന്റെ സൗകര്യമില്ലാതെതന്നെ ഇങ്ക്സ്കേപ്പിൽ ക്യൂആർ കോഡ് നിർമ്മിക്കാം.

- അതിനായ് Inkscape തുറക്കുക

- **Extensions --> Render --> Barcode --> QR Code തുറക്കുക.**
- **തുറന്ന് വരുന്ന ജാലകത്തിൽ Text എന്ന ഭാഗത്ത് കോഡ് നിർമ്മിക്കാനുദ്ദേശിക്കുന്നതിന്റെ ലിങ്ക് പേസ്റ്റ് ചെയ്യുക.**
- **ജാലകത്തിന്റെ ചുവടെയുള്ള Apply ക്ലിക്ക് ചെയ്യുമ്പോൾ Inkscape ക്യാൻവാസിൽ അതിന്റെ കോഡ് സൃഷ്ടിക്കപ്പെട്ടിട്ടുണ്ടാകും.**

**ഉദാഹരണമായി kitekollam.blogspot.com എന്ന് Text എന്ന ഭാഗത്ത് ടൈപ്പ് ചെയ്തുനോക്കൂ...**

## 4. ഒരു PDF പേജിൽനിന്നും നമുക്ക് ആവശ്യമില്ലാത്തത് ഒഴിവാക്കാനും വേണ്ടത് ടൈപ്പ്ചെയ്തിടാനും

**ഒരു PDF പേജിൽനിന്നും നമുക്ക് ആവശ്യമില്ലാത്തത് ഒഴിവാക്കാനും വേണ്ടത് ടൈപ്പ്ചെയ്തിടാനും സാധിക്കും.**

- **പി ഡി എഫ് ഫയലിനെ open with xournal ൽ തുറക്കുക.**
- **Eraser ടൂൾ സെലക്ട് ചെയ്യുക. <tr>**

  **<th>Month</th>**
  **<th>Savings</th>**
  **</tr>**

**തുടർന്ന് Tools --> Eraser Options-->Whiteouts എനേബിൾ ചെയ്തതിനുശേഷം ആവശ്യമില്ലാത്ത ഭാഗം മായിച്ചുകളയാം. ടെക്സ്റ്റ് ടൂൾ ഉപയോഗിച്ച് ടൈപ്പ് ചെയ്യുകയുമാവാം.**

## 5. Mobile ൽ ബ്രൗസറിൽ (Chrome) തുറന്നു വെച്ച ഒരു പേജ് PDF ആക്കി മാറ്റാൻ.

**ബ്രൗസറിന്റെ വലതു ഭാഗത്ത് മുകളിലായി കാണുന്ന 3 dots ൽ ക്ലിക്ക് ചെയ്ത് Share ഓപ്ഷൻ --> Print --> Pdf ഐക്കണിൽ ക്ലിക്ക് ചെയ്യുക.-->Save ചെയ്യുക.**

# എന്റെ സ്വപ്നം



Salma savad
STD : IX C

എന്നുള്ളിലെന്നും നിറയുന്ന സ്വപ്നം
ചിറകൊടിഞ്ഞ പക്ഷിതൻ നോവുന്ന സ്വപ്നം

എന്നുമെൻ മനസ്സിൽ നീറുന്ന സ്വപ്നം
എന്നുമീ സ്വപ്നം മായുകില്ല

പാവമാ പക്ഷിതൻ നീറുന്ന ഗാനങ്ങൾ
കേൾക്കെ നീറുന്നു എൻ മനവും
തീരാ ദുഖമാണെന്നുമെന്നും

എന്നുള്ളിലെന്നും നിറയുന്ന സ്വപ്നം
ചിറകൊടിഞ്ഞ പക്ഷിതൻ നോവുന്ന സ്വപ്നം

# സ്കൂൾ കലോത്സവം




**ബഹു: ശ്രീ. ജയലാൽ എം.എൽ.എ ഉദ്ഘാടനം നിർവഹിക്കുന്നു.**









കലാപരിപാടികൾ








112



# സസ്യക്വിസ്

കണ്ണകി.എസ്

**IX C**

.സസ്യങ്ങളെക്കുറിച്ചുള്ള പഠനം?

ബോട്ടണി

.ബോട്ടണിയുടെ പിതാവ്?

തിയോഫ്രാസ്റ്റസ്

.കോശത്തിന്റെ കേന്ദ്രസ്ഥാനം?

മർമ്മം

.കോശത്തിന്റെ അടുക്കള എന്നറിയപ്പെടുന്നത്?

ഹരിതകണം

.കോശത്തെക്കുറിച്ചുള്ള പഠനം?

സൈറ്റോളജി

.സസ്യകോശത്തിന്റെ ഏറ്റവും പുറമെ കാണുന്ന ആവരണം?

കോശഭിത്തി

.സസ്യശരീരം കോശനിർമ്മിതമാണെന്ന് കണ്ടെത്തിയത്?

എം.ജെ ഷ്ളീഡൻ

.വിത്തില്ലാത്ത മാവിനം?

സിന്ധു

.കറയില്ലാത്ത കശുമാവിനം?

മൃദുല

.മഞ്ഞളിന് നിറം നൽകുന്ന രാസഘടകം?

കുർകുമിൻ

കണ്ണകി.എസ്

**IX C**

# ക്വിസ്

■പ്രസവവുമായി ബന്ധപ്പെട്ട ഹോർമോൺ?

◆ഓക്സിടോസിൻ

■പരിചയമുള്ള ആളിന്റെയോ, വസ്തുവിന്റെയോ രൂപം മനസ്സിൽ വരാൻ സഹായിക്കുന്ന ഭാഗം?

◆വെർണിക്കിൾ ഏരിയ

■ആധുനിക ഒളിമ്പിക്സിന്റെ പിതാവ്?

◆പിയറി ഡി കുബാർട്ടിൻ

■ഇന്ത്യയിലെ ആദ്യത്തെ കായിക സർവ്വകലാശാല സ്ഥാപിതമായത് എവിടെ?

◆മണിപ്പൂർ

■"സുഗുണ" ഏത് വിത്തിനമാണ്?

◆മഞ്ഞൾ

■പേരയ്ക്കായുടെ ജന്മനാട്?

◆മെക്സിക്കോ

■കരയിലെ ഏറ്റവും വലിയ മാംസഭുക്ക്?

◆ഹിമക്കരടി

■"പാട്ടാബാക്കി" നാടകം രചിച്ചത് ആര്?

◆കെ.ദാമോദരൻ

■സൗര പതാക ഏതു രാജ്യത്തിന്റെ ദേശീയ പതാകയാണ്?

◆ജപ്പാൻ

■വനിതകൾക്ക് വോട്ടവകാശം നൽകിയ ആദ്യ രാജ്യം?

◆ന്യൂസിലാന്റ്

■കമ്പ്യൂട്ടറിൽ നിന്നും "കട്ട് & പേസ്റ്റ്" ചെയ്യുന്ന സമയത്ത് താൽക്കാലികമായി ഡാറ്റ സംഭരിച്ചുവയ്ക്കുന്നത് എവിടെ?

◆ക്ലിപ് ബോർഡ്

■ഇന്ത്യയിലെ ആദ്യത്തെ സ്പെയ്സ് ടൂറിസ്റ്റ്?

◆സന്തോഷ് ജോർജ് കുളങ്ങര

■ഏറ്റവും കൂടുതൽ മാംസ്യം അടങ്ങിയ സുഗന്ധ വ്യഞ്ജനം?

◆ഉലുവ

■ "The Story of My Life" ആരുടെ കൃതി?

◆ഹെലൻ കെല്ലർ

■വടക്കേ അമേരിക്കയിലെ ഏറ്റവും നീളം കൂടിയ നദി?

◆മിസ്സിസ്സിപ്പി

■റാണാ പ്രതാപിന്റെ പ്രസിദ്ധമായ കുതിര?

◆ചേതക്

■ലോകത്തിലെ ആദ്യത്തെ പ്രധാനമന്ത്രി?

◆റോബർട്ട് വാൾപോൾ

■ "എനിക്ക് രണ്ടായിരം പട്ടാളക്കാരെ തരൂ, ഞാൻ ഇന്ത്യ കീഴ്പ്പെടുത്താം" എന്ന് പറഞ്ഞത് ആര്?

◆റോബർട്ട് ക്ലൈവ്

■മത്സ്യ ബന്ധനവും മായി ബന്ധപ്പെട്ട കമ്മീഷൻ?

◆മീനാ കുമാരി കമ്മീഷൻ

## സബ് ജില്ലാ കലോത്സവം-2019 വിജയികൾ



**സവിത എസ്.വി**

**കേരളനടനം Ist A-grade**

**മോഹിനിയാട്ടം IInd A-grade**



**ആസിഫ് എസ്**

**മാപ്പിളപ്പാട്ട് Ist A-grade**



**അശ്വതി എം**

**ഉപന്യാസരചന Ist A-grade**

**(ENGLISH)**



**ദയാലക്ഷ്മി**

**പദ്യപാരായണം IInd A-grade**

**(ഹിന്ദി)**



**ശ്രീജിത്ത്**

**പദ്യം ചൊല്ലൽ IInd A-grade**

**(കന്നഡ)**


Thank you